പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.704 — 29.06.2011-ൽ മറുപടിക്ക്.

## കാഴ്ചബംഗ്ലാവുകളുടെയും മൃഗശാലകളുടെയും സമഗ്രവികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി. ജോർജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ | കുമാരി പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് എത്ര കാഴ്ചബംഗ്ലാവുകളും മൃഗശാലകളും ഉണ്ട്; ഇവിടെ ആവശ്യത്തിന് ജീവനക്കാരുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(എ) മ്യൂസിയവും മൃഗശാലയും വകുപ്പിൽ തിരുവനന്തപുരം മ്യൂസിയവും മൃഗശാലയും , തൃശ്ശൂർ സ്റ്റേറ്റ് മ്യൂസിയവും , മൃഗശാലയും, കോഴിക്കോട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം എന്നീ മൂന്ന് സ്ഥാപനങ്ങളിലായി രണ്ട് മൃഗശാലകളും, 6 മ്യൂസിയങ്ങളും പ്രവർത്തിച്ചു വരുന്നു.

മൃഗശാലകൾ :
1. തിരുവനന്തപുരം മൃഗശാല
2. തൃശ്ശൂർ മൃഗശാല

കാഴ്ചബംഗ്ലാവുകൾ:
1. ആർട്ട് ഗ്യാലറി, തിരുവനന്തപുരം
2. ആർട്ട് മ്യൂസിയം, തിരുവനന്തപുരം
3. നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയം, തിരുവനന്തപുരം
4. മൾട്ടിപർപ്പസ് മ്യൂസിയം, തൃശ്ശൂർ
5. നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയം, തൃശ്ശൂർ
6. ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം കോഴിക്കോട്

ഈ സ്ഥാപനങ്ങളിൽ ആവശ്യം വേണ്ടുന്ന ജീവന

| | | | |
|---|---|---|---|
| | | | കാര്യങ്ങളെങ്കിലും പുതിയ സാഹചര്യത്തിനനുസരിച്ച് ജീവനക്കാരെ കൂടുതൽ നിയോഗിക്കേണ്ടതുണ്ട്. മുൻകാലഘട്ടങ്ങളിൽ ഇരുമ്പ് കൂടുകളിലായിരുന്ന മൃഗങ്ങളെ ഇപ്പോൾ തുറസ്സായ കൂടുകളിലാണ് പരിപാലിച്ചു വരുന്നത്. അതുകൊണ്ട് തന്നെ ഇവയുടെ അടുത്ത പരിചരണം, നിരീക്ഷണം എന്നിവ ആവശ്യമാണ്. രോഗങ്ങൾക്കും ക്ഷതങ്ങൾക്കുമുള്ള സാധ്യതയും കൂടുതലാണ്. ആയതിനാൽ നിലവിലുള്ള ക്യൂറേറ്റർ, വെറ്ററിനറി സർജൻ, കീപ്പർ എന്നീ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. നിലവിൽ മൃഗശാലയിൽ എല്ലാത്തരം മൃഗങ്ങൾക്കും കൂടി (ഉരഗങ്ങൾ, പക്ഷികൾ, സസ്തനികൾ) ഒരേയൊരു ക്യൂറേറ്ററും ഒരേയൊരു വെറ്ററിനറി സർജനുമാണുള്ളത്. വെറ്ററിനറി സർജൻ, കീപ്പർ എന്നീ തസ്തികകൾ വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | **മൃഗശാലകളിൽ അവശേഷിക്കുന്ന മൃഗങ്ങളുടെ നിലവിലുള്ള അവസ്ഥ നിരീക്ഷണവിധേയമാക്കയിട്ടുണ്ടോ:** ഇപ്പോഴത്തെ അവസ്ഥ പക്ഷി മൃഗാദികളുടെ നിലനിൽപ്പിന് ഗുണകരമാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | **മൃഗശാലയിലെ മൃഗങ്ങളുടെ നിലവിലുള്ള അവസ്ഥ നിരന്തരം നിരീക്ഷണ വിധേയമാക്കി വരുന്നുണ്ട്., പക്ഷിമൃഗാദികളുടെ നിലനിൽപ്പിന് ഗുണകരമാകും വിധമാണ് നിലവിലുള്ള സ്ഥിതി. കൂടുതൽ ഫലപ്രദമാക്കാനെന്തെങ്കിലും വേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കാനായി ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്** |
| സി) | **മൃഗശാലകളിലെ മൃഗങ്ങളുടെയും മറ്റും ആരോഗ്യപരമായ നിലനിൽപ്പും പരിരക്ഷയും ഉറപ്പുവരുത്താൻ കർശനനടപടി സ്വീകരിക്കുമോ ?** | സി) | **മൃഗശാലകളിലെ മൃഗങ്ങളുടെയും മറ്റും ആരോഗ്യപരമായ നിലനിൽപ്പും പരിരക്ഷയും ഉറപ്പു വരുത്താൻ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**<br>**പക്ഷികൾക്കുള്ള തീറ്റ സാധനങ്ങൾ** CDIO മുഖേന ടെസ്റ്റ് ചെയ്തതിനുശേഷമാണ് നൽകിവരുന്നത്. മൃഗശാല അണുവിമുക്തമാക്കി ശുചിത്വ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ.**